I/146125/2022

"ഭരണഭാഷ - മാതൃഭാഷ"

നം: DGE/10984/2022-N2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 08-08-2022

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - **നാഷണൽ മീൻസ് -കം- മെറിറ്റ് സ്കോളർഷിപ്പ് (2022-23)** - അപേക്ഷകൾ സമർപ്പിക്കുന്നത് (ഓൺലൈൻ) - നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് :-

സൂചന :- 1. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 22/07/2022 ലെ കത്ത് നം. F.No. 17-I/2022-SS (Part I)
2. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ നിർദ്ദേശങ്ങൾ

കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഒരു പ്ലാറ്റ്ഫോമിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതിലേക്കുള്ള ഓൺലൈൻ പോർട്ടലായ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് (എൻ.എം.എം.എസ്) അപേക്ഷകൾ സമർപ്പിക്കുന്നതിന് സൂചനകൾ പ്രകാരം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. ആയത് അനുസരിച്ച് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പ്രസ്തുത സ്കോളർഷിപ്പിന് അർഹതപ്പെട്ട കുട്ടികൾ അപേക്ഷകൾ സമർപ്പിക്കുന്നതിനും,സ്കൂൾ/സ്ഥാപനങ്ങൾ ആയത് പരിശോധിക്കുന്ന തിനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

2022-23 വർഷം പുതിയതായി നാഷണൽ മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കുന്ന (അതായത് 2021-22 അദ്ധ്യയന വർഷത്തിൽ നടത്തിയ എൻ.എം.എം.എസ്.സ്കോളർഷിപ്പ് പരീക്ഷയിൽ യോഗ്യരായവരും, ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്നവരുമായ), കുട്ടികളും 2019-20, 2020-21 , 2021-22 എന്നീ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹത നേടിയവരും/ സ്കോളർഷിപ്പ് ഇപ്പോൾ (റിന്യൂവൽ) പുതുക്കാനുള്ളവരുമായ (അതായത് ഇപ്പോൾ 10-ാം ക്ലാസിലും, പ്ലസ് വൺ ക്ലാസിലും, പ്ലസ് ടൂ ക്ലാസിലും പഠിക്കുന്ന കുട്ടികൾ ) എല്ലാ വിദ്യാർത്ഥികളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in എന്ന വെബ്സൈറ്റ്) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സ്കോളർഷിപ്പിനുള്ള ഓഫ്‌ലൈൻ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. **എൻ.എം.എം.എസ്. സ്കോളർഷിപ്പിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 സെപ്റ്റംബർ 30 വരെയാണ്.**

## പൊതു നിർദേശങ്ങൾ

1. National Scholarship portal-2.0 (www.scholarships.gov.in എന്ന വെബ്സൈറ്റ്) വഴിയാണ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടത്.

2. എൻ.എം.എം.എസ് സ്കോളർഷിപ്പിന് പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ **Applicant Corner - login - NEW REGISTRATION** എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.

3. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ തുടങ്ങിയവ) ഒന്നും സ്കാൻ ചെയ്ത് അയക്കേണ്ടതില്ല. എന്നാൽ , ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ , രജിസ്ട്രേഷൻ സമയം സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ഫ്രണ്ട് പേജ് സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യേണ്ടതും, ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച ശേഷം, **ഫൈനൽ സബ്മിഷന് മുൻപ് Upload Documents എന്ന ഭാഗത്ത് Bonafied Student of Institution** എന്നതിന് നേരെയുള്ള ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തലിന് ശേഷം മാത്രം സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

4 . **നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഐ.ഡി (എൻ.എം.എം.എസ് സ്കോളർഷിപ്പ്) ലഭിക്കുന്നതിന് വേണ്ടി പുതിയ അപേക്ഷ സമർപ്പിക്കുമ്പോൾ (ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ) സ്കോളർഷിപ്പ് കാറ്റഗറിയിൽ പ്രീ-മെട്രിക് സെലക്ട് ചെയ്യുക. സ്കീം ടൈപ്പ് എന്ന കോളത്തിൽ സ്കോളർഷിപ്പ് സ്കീം എന്നത് സെലക്ട് ചെയ്യുക.**

5. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മൊബൈൽ നമ്പർ വഴി ലഭിക്കുന്ന ആപ്ലിക്കേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും (ഉദാ:- ജനന തീയതി) ഉപയോഗിച്ച് **നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ** Applicant Corner - login- Application Submission- Fresh Application **എന്ന ലിങ്ക് വഴി** Login **ചെയ്തശേഷം പുതിയ പാസ്‌വേർഡ് എടുക്കേണ്ടതാണ്.**

6. അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User ID/Password എന്നിവ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.

7. എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ Competative Exam Passed **എന്ന കോളത്തിൽ എൻ.എം.എം.എസ്** (നാഷണൽ മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പ്) എന്ന് സെലക്ട് ചെയ്യേണ്ടതാണ്. തുടർന്ന് എൻ.എം.എം.എസ് പരീക്ഷയുടെ റോൾ നമ്പർ, പരീക്ഷ നടത്തിയ വർഷം (2021 എന്ന് രേഖപ്പെടുത്തുക) സ്റ്റേറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക.

8. എൻ.എം.എം.എസ് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ SC/ST വിഭാഗം കുട്ടികൾ ഒഴികെ മറ്റുള്ള എല്ലാ വിഭാഗം കുട്ടികളും കമ്മ്യൂണിറ്റി/കാറ്റഗറി എന്നതിൽ ജനറൽ എന്ന് രേഖപ്പെടുത്തുക.

9 . **എൻ.എം.എം.എസ്. സ്കോളർഷിപ്പിന് യോഗ്യരായ കുട്ടികളുടെ (ഫ്രഷ്/റിനീവൽ) വാർഷിക വരുമാന പരിധി 3,50,000-രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല.**

10. **സ്കോളർഷിപ്പിന് ഓൺലൈൻ ആയി റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ Applicant Corner - login - Application Submission- Renewal Application എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.**

11. **എൻ.എം.എം.സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾക്ക് സ്കൂൾ മാറ്റി നൽകുന്നതിനുള്ള ഓപ്ഷൻ (ഫ്രഷ്/റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്ന) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.** സ്കൂൾ /ക്ലാസ് എന്നിവയുടെ ശരിയായ അപ്ഡേഷൻ എൻ.എസ്.പിയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതത് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത ശേഷം അപേക്ഷ Final Submit ചെയ്യേണ്ടതാണ്.

12. എൻ.എം.എസ്.എസ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് VIII, IX, XI ക്ലാസുകളിൽ വാർഷിക പരീക്ഷക്ക് 55% മാർക്ക് ഉണ്ടായിരിക്കേണ്ടതും, X-ാം ക്ലാസിൽ 60% മാർക്കും ഉണ്ടായിരിക്കേണ്ടതാണ്. എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

13. നിലവിൽ 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് മാർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യം വരുന്ന സാഹചര്യത്തിൽ , ആയത് എത്രയും വേഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂൾ മേധാവികൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. **2022-23 അക്കാദമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ ക്ലാസുകൾ ആരംഭിച്ച തീയതി 01/06/2022 എന്ന് നൽകേണ്ടതാണ്.**

14. **സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ലഭിക്കുന്ന ക്രമത്തിൽ പ്രഥമാദ്ധ്യാപകർ/ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ ഇതിലേക്കുള്ള വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈനായി സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്. ആയതിലേക്ക് വെരിഫിക്കേഷൻ ആരംഭിക്കുന്നതിന് മുൻപ് ഇൻസ്റ്റിട്യൂട്ട് ലെവൽ നോഡൽ ഓഫീസറുടെ ആധാർ വിവരങ്ങൾ നൽകിയിട്ടില്ലാത്തവർ/മാറ്റം വന്നിട്ടുള്ളവർ ആയത് രേഖപ്പെടുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതും, തുടർന്ന് അധാർ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേക്ക് ലഭിക്കുന്ന ഒ.ടി.പി. യഥാവിധി നൽകി അപ്ഡേഷൻ പൂർത്തിയാക്കേണ്ടതുമാണ് .**

15. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണവും, അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കുക.

16. ആധാർ അധിഷ്ഠിതമായ സംവിധാനത്തിലാണ് സ്കോളർഷിപ്പ് തുക വിതരണം

ചെയ്യുന്നത്. ആയതിനാൽ അർഹരായ എല്ലാ കുട്ടികൾക്കും ആധാർ കൈവശമുള്ളത് ഉചിതമായിരിക്കും.

17. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) അപേക്ഷകരായ കുട്ടിയുടെ പേരിലെ അക്ഷരങ്ങൾ ആധാർ രേഖയിലും, ബാങ്ക് രേഖയിലും, സ്കൂൾ രേഖയിലും ഒരേ പോലെയാണെന്ന് ഉറപ്പ് വരുത്തുക.

18. XI -ാം ക്ലാസിൽ പഠിക്കുന്ന എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ സ്കൂൾ ലെവൽ വെരിഫിക്കേഷൻ നടത്തുന്നതിന് തുടർ പരിശോധനയുമായി ബന്ധപ്പെട്ട് സ്കൂൾ മേധാവികൾ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കേണ്ടതാണ്.

19. എൻ.എം.എം.എസ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളുടെ നിർദ്ദിഷ്ട വരുമാന പരിധി പരിശോധിക്കുന്നതിന് സ്കൂൾ മേധാവികൾക്ക് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതും, ആയത് തുടർ പരിശോധനകൾക്ക് ഉതകും വിധം (കുറഞ്ഞത് 05 വർഷത്തേക്ക്) സ്കൂൾ മേധാവികൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

20. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) മൊബൈൽ ഫോൺ കൈയ്യിൽ കരുതുക. അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ മൊബൈൽ ഫോൺ നമ്പർ സ്കോളർഷിപ്പ് ലഭിക്കുന്ന കാലയളവിനുള്ളിൽ ഇടയ്ക്കിടെ മാറ്റാതിരിക്കുക.

21. സർക്കാർ /സർക്കാർ എയ്ഡഡ് സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ റെഗുലർ വിദ്യാർത്ഥികളായി തുടർ പഠനം നടത്തുന്നവർക്ക് മാത്രമാണ് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അർഹതയുള്ളത് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ പത്താം ക്ലാസിനു ശേഷം ഡിപ്ലോമ/സർട്ടിഫിക്കേറ്റ് കോഴ്സിൽ ചേർന്ന് പഠിക്കുകയാണെങ്കിൽ തുടർന്ന് പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

22. 2021-22 വർഷത്തിൽ നടത്തിയ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ ടി സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ള കുട്ടികൾ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഏതെങ്കിലും ലഭിക്കുന്നവരാണെങ്കിൽ, നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്നതിന്, പ്രസ്തുത സ്കോളർഷിപ്പുകൾ പുതുക്കാൻ പാടില്ലാത്തതും, നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ടി സ്കോളർഷിപ്പുകൾക്ക് നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പിൻവലിച്ച ശേഷം മാത്രം നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് പുതിയ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

23. എൻ.എം.എം.എസ് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ , ബാങ്ക് അക്കൗണ്ട് നമ്പർ , ബാങ്കിന്റെ ഐ.എഫ്.എസ്

കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റ് കൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് ദേശസാൽകൃത ബാങ്കുകളുടെ അക്കൗണ്ട് നമ്പർ നൽകുന്നതാകും ഉചിതം.

24. നാഷണൽ മീൻസ്-കം-മെറിറ്റ്സ് കോളർഷിപ്പിന് (എൻ.എം.എം.എസ്) അപേക്ഷിക്കുന്ന കുട്ടികൾക്ക് ഈ കാര്യാലയം മുഖാന്തരമുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളായ പ്രീ-മെട്രിക് (ഭിന്നശേഷി) സ്കോളർഷിപ്പ്, പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ്, ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് എന്നിവക്ക് അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

25. എൻ.എം.എം.എസ് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായങ്ങൾ/ സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരു വിധത്തിലുള്ള ഫീസുകളോ/സംഭാവനകളോ ഈടാക്കുവാൻ പാടുള്ളതല്ല.

26. മേൽ പ്രകാരമുള്ള വിവരങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരത്തക്കരീതിയിൽ അറിയിപ്പ് നൽകുന്നതിന് പ്രധാനാധ്യാപകർ/ വിദ്യാഭ്യാസ ഓഫീസർമാർ ഉചിത മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ **0471-3567564, 8330818477, 9496304015** എന്നീ ഫോൺ നമ്പരുകളിലേക്ക് വിളിക്കാവുന്നതും, വിവരങ്ങൾ തേടാവുന്നതുമാണ്.

Signed by
Shine Mon.m.k
Date: 08-08-2022 17:10:59

ഷൈൻമോൻ. എം.കെ.
പെൻ നമ്പർ 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
സ്റ്റേറ്റ് നോഡൽ ഓഫീസർ, (സ്കോളർഷിപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്

1. വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE (സർക്കുലർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും